പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2445 12.02.2020 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. ഓഫീസുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. അൻവർ സാദത്ത്

മറുപടി

ശ്രീ. എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കവാൻ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കെ.എസ്.ഇ.ബി. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുവാൻ ഇ - ഓഫീസ് സംവിധാനം ബോർഡിന്റെ ഐ.ടി. വിഭാഗം വികസിപ്പിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഓഫീസുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തിയ ശേഷം എല്ലാ ഓഫീസുകളിലേയ്ക്കും വിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) വാട്സ്ആപ് സംവിധാനം വഴി ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) വാട്സാപ്പ് സംവിധാനം വഴി ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉപഭോക്തൃ സേവന കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന സോഷ്യൽ മീഡിയ സംവിധാനമായ 9496001912 എന്ന വാട്സാപ്പ് ഫോൺ നമ്പർ വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും, പരാതികൾ പരിഹരിക്കുന്നതിനും സന്ദേശങ്ങൾ അയക്കാവുന്നതാണ്. ശരാശരി 500 –ഓളം പരാതികൾ ദിവസേന സ്വീകരിക്കുകയും, അവ പരിഹരിക്കുന്നതിനുള്ള നടപടികൾ അപ്പോൾ തന്നെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തലത്തിലുള്ള ഉപഭോക്താക്കൾക്കാണ് അത് നടപ്പിലാക്കുന്നത്? | (സി ) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് താഴെ പറയുന്ന രണ്ട് പദ്ധതികൾ മുഖേന സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>1. സംയോജിത ഊർജ്ജ വികസന പദ്ധതി<br><br>ഐ.പി.ഡി.എസ്. പട്ടണങ്ങളിൽ ഉള്ള 3.2 ലക്ഷം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ളതാണ് ഈ പദ്ധതി. 6 കോർപ്പറേഷനുകളിലെ 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.<br><br>2. തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. |

സെക്ഷൻ ഓഫീസർ